പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3312** **24.06.2013 ൽ മറുപടിയ്ക്ക്**

## പറമ്പിക്കുളം - ആളിയാർ നദീജല കരാർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ചെന്താമരാക്ഷൻ | ശ്രീ.ഉമ്മൻചാണ്ടി<br>ബഹു.മുഖ്യമന്ത്രി |
| (എ) പറമ്പിക്കുളം - ആളിയാർ നദീജല കരാർ സംബന്ധിച്ച് ഈ വർഷം തമിഴ്നാടുമായി നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ ഇതുവരെ എത്ര ടി.എം.സി ജലമാണ് ലഭിച്ചത്; വിശദാംശം ലഭ്യമാക്കുമോ; | (എ) പറമ്പിക്കുളം-ആളിയാർ നദീജലകരാർ സംബന്ധിച്ച് തമിഴ്നാടുമായി നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ; നടപ്പു ജലവർഷത്തിൽ കേരളത്തിന് ജൂൺ 15-ാം തീയതി വരെ; ചിറ്റൂർപുഴ പദ്ധതി പ്രദേശത്തേക്ക് മണക്കടവ് വിയറിൽ 5.393 TMcft ജലവും കേരള ഷോളയാറിൽ 10.657 TMcft ജലവും ലഭിച്ചിട്ടുണ്ട്. |
| (ബി) വരുംവർഷങ്ങളിൽ കേരളത്തിന് അർഹതപ്പെട്ട ജലം ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | (ബി) പി.എ.പി കരാർ പ്രകാരം കേരളത്തിന് അർഹതപ്പെട്ട ജലം ലഭ്യമാക്കുന്ന കാര്യം ഉറപ്പാക്കാൻ ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡ് യോഗങ്ങളിൽ ഇക്കാര്യം ശക്തമായി ഉന്നയിക്കുന്നതാണ്. പ്രസ്തുത യോഗങ്ങളിൽ കേരളത്തിന്റെ ആവശ്യങ്ങൾ പൂർണ്ണമായും അംഗീകരിക്കാത്ത സാഹചര്യമുണ്ടായാൽ ഈ വിഷയം നേരിട്ട് തമിഴ്നാട് സർക്കാരിന്റെ ശ്രദ്ധയിൽ-പ്പെടുത്തുന്നതാണ്. കൂടാതെ കേരള സർക്കാർ തമിഴ്നാടിനെതിരെ ബഹു.സുപ്രീം കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള (O.S No. 2/2013) കേസിൽ പി.എ.പി കരാറിലെ വ്യവസ്ഥകൾ പാലിക്കാൻ തമിഴ്നാടിന് ബാദ്ധ്യതയുണ്ടെന്നുള്ള കാര്യം കൂടി വ്യക്തമാക്കിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കണമെന്നും സുപ്രീം കോടതിയോട് അപേക്ഷിച്ചിട്ടുണ്ട്. സുപ്രീം കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള കേസിലെ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കൗൺസിലിനോടും ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ